അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

ജി എൽ പി എസ് നെടുമ്പാല

<u>ആമുഖം</u>

2025 - 26 അധ്യയന വർഷം സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ വർഷമാണ്. അതുകൊണ്ടുതന്നെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരം ഉള്ളതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ രൂപരേഖയാണിത്. ഭാഷ,പരിസര പഠനം ,ഗണിതം, എന്നിവയോടൊപ്പം കലാകായിക പ്രവർത്തി പരിചയ മേഖലകളിൽ ഊന്നി കുട്ടികളുടെ സർവ്വതോൻമുഖമായ വികാസത്തിനാണ് പ്രാധാന്യം നൽകുന്നത്. വയനാട് ജില്ലയിൽ മേപ്പാടി പഞ്ചായത്തിലെ രണ്ടാം വാർഡ്, മുക്കംകുന്ന് ഉപ്പുപാറ പ്രദേശത്ത് സ്ഥിതിചെയ്യുന്ന നെടുമ്പാല ഗവൺമെന്റ് എൽ പി സ്കൂൾ 1950 ന മുമ്പാണ്

പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ ഈ വിദ്യാലയത്തിൽ 50 കുട്ടികളാണ് പഠിക്കുന്നത് .ഇതിൽ ഭൂരിഭാഗവും ഗോത്രവർഗ്ഗ വിഭാഗത്തിൽ പെടുന്ന കുട്ടികളും ബാക്കി ഉപ്പുപാറ പ്രദേശത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളുടെ മക്കളുമാണ്. ഭൗതികമായി ഏറെ പിന്നോക്കാവസ്ഥയിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത് എങ്കിൽ കൂടി കുട്ടികളുടെ സമഗ്ര പുരോഗതിക്കായി മികച്ച പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു പോകുന്നു. അറിഞ്ഞും പങ്കുവെച്ചും കൂട്ടായ അനുഭവങ്ങളിലൂടെ അറിവ് നിർമ്മിക്കാൻ സഹായകമായ പ്രവർത്തന പദ്ധതികളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മാറിവരുന്ന പാഠപുസ്തകങ്ങൾക്കും പദ്ധതികൾക്ക് അനുസരിച്ച് വൈവിധ്യം മാറുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു.

<u>ലക്ഷ്യങ്ങൾ .</u>

* അക്ഷരങ്ങൾ തിരിച്ചറിയുകയും ചിഹ്നങ്ങൾ ഉറപ്പിക്കുകയും ചെയ്യുന്നതിന് .
*പദങ്ങളും ചെറുവാക്യങ്ങളും എഴുതാനും വായിക്കുന്നതിനും . *അനുഭവങ്ങളും ആശയങ്ങളും ഉപയോഗിച്ച് സ്വന്തം ഭാഷയിൽ തെറ്റില്ലാതെ എഴുതുവാനുള്ള കഴിവ് .
*സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടുന്നു .
*മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്ര വായന നടത്തുന്നതിനും കൃത്യമായ സന്ദർഭങ്ങളിൽ വേണ്ടവിധം ഭാഷാശേഷി പ്രയോഗിക്കുന്നതിനുള്ള പ്രാപ്തി നേടുക .
*എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നു .
*കുട്ടികളിൽ സാമൂഹിക വികാസത്തിന് പ്രാധാന്യം നൽകുമെന്നോണം സംഘപ്രവർത്തനങ്ങൾ കളികൾ എന്നിവയിലൂടെ സാമൂഹിക ബോധം സംഘബോധം എന്നിവ വികസിപ്പിക്കൽ .
*ശാസ്ത്ര കൗതുകം വളർത്താൻ ഉതകുന്ന തരത്തിൽ ശാസ്ത്ര പരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യൽ .
*ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായി എന്ന് ഉറപ്പാക്കുക .
*ഓരോ കുട്ടിയിലും ഉള്ള കഴിവ് കണ്ടെത്തുകയും അവ പരിപോഷിക്കുവാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക .
*ഐസിടി അധിഷ്ഠിത പഠനാന്തരീക്ഷത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
*പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.
* ലഘു പഠനയാത്രകൾ പഠനക്യാമ്പുകൾ ശില്പശാല വിദഗ്ധരുടെ ക്ലാസുകൾ തുടങ്ങിയവ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
*ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസുകൾ നൽകുക.
* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക.
* കുട്ടികളിലെ കായിക ക്ഷമത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* വായനയ്ക്ക് പ്രാധാന്യം നൽകുന്ന തരത്തിൽ ക്ലാസ് ലൈബ്രറികൾ സജ്ജീകരിക്കുക.
* ക്ലാസ് സ്ഥലത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.

*To identify letters and sounds in English
*To develop the ability to listen alternatively and understand simple instructions stories and converstions.

*To encourange sstudents to speak in simple English using short sentences.
*Express basic needs and wants.
*Describe people,object and places using basic adjectives.
*Talk about daily routine and habits.
*Write simle sentences about oneself and familiar topics.

മുന്നൊരുക്കം( സന്നദ്ധത പ്രവർത്തനങ്ങൾ)

സ്കൂൾ തുറന്നുള്ള രണ്ടാഴ്ചകാലം കുട്ടികൾക്ക് അവരുടെ സാമൂഹികവും ബൗദ്ധികവും വൈകാരികപരവുമായ കഴിവുകൾ അളക്കുന്നതിനും വികസിക്കുന്നതിനും ഉള്ള ഏഴു ദിവസത്തെ മുന്നൊരുക്ക പ്രവർത്തനങ്ങൾ നൽകുന്നു. പൊതുകാര്യങ്ങളെ കുറിച്ചുള്ള അറിവുകളും വ്യക്തിത്വ വികസനത്തിനുമുള്ള പ്രവർത്തനങ്ങളും ഈ ഘട്ടത്തിൽ നൽകുന്നു.

ഒന്നൊരുക്കം - വിദ്യാ പ്രവേശ്

പ്രീ പൈമറി അനുഭവം പോലുമില്ലാതെ കടന്നുവരുന്ന കുരുന്നുകളെയാണ് നമുക്ക് എപ്പോഴും ഒന്നാം ക്ലാസിൽ ലഭിക്കാറുള്ളത്.അതുകൊണ്ടുതന്നെ അവരെ ക്ലാസ് പ്രവർത്തനങ്ങളിലേക്ക് തയ്യാറാക്കത്തക്ക വിധം പാട്ട്, താളമിടൽ മഴ, നടത്തം, അഭിനയം, കഥാവേള തുടങ്ങിയ വിവിധതരം പ്രവർത്തനങ്ങളിലൂടെയാണ് ഒന്നാം ക്ലാസിലെ അറിവിന്റെ ആദ്യപടിയിലേക്ക് കൊണ്ടുവരുന്നത്.

മേഖല : മലയാളം

ഉപമേഖല : വായന, ലേഖനം

***1-*** പ്രവർത്തനത്തിന്റെ പേര് : ഞാൻ പറയാം
കാലയളവ് : ജൂൺ - മാർച്ച്
ലക്ഷ്യം
ആത്മവിശ്വാസത്തോടെ കഥയോ, പാട്ടോ , സ്വന്തം വിശേഷങ്ങളോ കൂട്ടുകാർക്ക് മുൻപിൽ അവതരിപ്പിക്കുന്നു
പ്രവർത്തനഘട്ടം
ലേഖനത്തിനും ഭാഷണത്തിനും പിന്നോട്ട് നിൽക്കുന്ന ഏറെ കുട്ടികൾ ക്ലാസിൽ ഉണ്ട് .അവരെ മുൻനിരയിലേക്ക് എത്തിക്കാനുള്ള പ്രാരംഭ പ്രവർത്തനം.
എല്ലാദിവസവും ഓരോ കുട്ടികൾക്ക് പൊതുവേദി/ അസംബ്ലിയിൽ എന്തെങ്കിലും ഒരു കാര്യം അവതരിപ്പിക്കാൻ അവസരം.
ചുമതല
ക്ലാസ് അധ്യാപിക

***2 -*** പ്രവർത്തനം ***2 :*** അക്ഷര ചങ്ങാതി
കാലയളവ് : ജൂൺ- മാർച്ച്
ലക്ഷ്യം
ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ പ്രത്യേക പരിശീലനത്തിലൂടെ അക്ഷരങ്ങൾ തിരിച്ചറിയാനും ചിഹ്നങ്ങൾ ചേർത്ത് വാക്യങ്ങൾ രൂപീകരിക്കാനും പ്രാപ്തരാക്കുക.
പ്രവർത്തന ഘട്ടം
* പ്രീ ടെസ്റ്റ് നടത്തുന്നു.
* അക്ഷരം ഉറപ്പിക്കാനും ചിഹ്നങ്ങൾ ഉറപ്പിക്കാനും ആയുള്ള പ്രവർത്തനങ്ങൾ.

* അക്ഷര കാർഡുകൾ പദ കാർഡുകൾ നൽകി വായനയിലേക്ക് കടക്കുന്നു.
* ആശയത്തെ മുൻനിർത്തി പദസൂര്യൻ നിർമ്മാണം, പദസൂര്യനിൽ നിന്ന് ചെറുവാക്യങ്ങൾ നിർമ്മിക്കുന്നു.
* അക്ഷര കാർഡുകളും ചെറു വായന സാമഗ്രികളും നൽകി എഴുത്തിനും വായനയ്ക്കും കൂടുതൽ പ്രാധാന്യം നൽകുന്നു.

ചുമതല
ക്ലാസ് അധ്യാപിക
മെന്റർ ടീച്ചർ
സാമ്പത്തികം
2000

<u>**3-** പ്രവർത്തനത്തിന്റെ പേര് **:** ആഴ്ചയിൽ ഒരു പുസ്തകം</u>

കാലയളവ് ജൂൺ- മാർച്ച്
ലക്ഷ്യം
കുട്ടികളിൽ വായനാശീലം വളർത്തുക
* ആഴ്ചയിൽ ഒരു പുസ്തകം കുട്ടികൾക്ക് നൽകുന്നു.

*.ക്ലാസ് വായനാകൂട്ടം രൂപീകരിക്കൽ.

*വായനാ മൂല

*ക്ലാസ് ലൈബ്രറി രൂപീകരിക്കൽ

*സ്കൂൾ ലൈബ്രറി നവീകരണം

*വായനോത്സവം സംഘടിപ്പിക്കൽ

*പത്രവായന, അമ്മ വായന, വായനാഭവും പങ്കുവെക്കൽ, ചങ്ങല വായന, വായനാനുഭവം പങ്കുവെക്കൽ

* വായനക്കുറിപ്പ് തയ്യാറാക്കൽ, വായന മത്സരം സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും ലോകത്തിലേക്ക് സ്വാഗതം ചെയ്യുന്നു

*യാത്രാനുഭവകുറിപ്പ് തയ്യാറാക്കൽ.

ചുമതല

അധ്യാപകർ

സാമ്പത്തികം

3000

<u>**4-** പ്രവർത്തനത്തിന്റെ പേര് **:** പാട്ടരങ്ങ് , കഥയരങ്ങ്, ഭാഷോത്സവം</u>

ലക്ഷ്യം

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി അവതരിപ്പിക്കുന്നു. പുതിയ വരികൾ കൂട്ടിച്ചേർക്കാനും പ്രാദേശികമായി ലഭിക്കുന്ന ഉപകരണങ്ങൾ കൊണ്ട് താളമിട്ട് പാട്ടുകൾ പാടുന്നതിന് ഉള്ള അവസരങ്ങൾ ഒരുക്കുന്നു. കഥാപൂരണം ചിത്രം നോക്കി കഥപറയൽ എഴുതൽ ഭാവം ഉൾക്കൊണ്ട് വേദിയിൽ കഥ അവതരിപ്പിക്കൽ.

എല്ലാ കുട്ടികളും സ്വന്തമായി രചന പരിചയകുറിപ്പ് സമാഹാരം തയ്യാറാക്കുന്നു.

കുട്ടികളെ സ്വതന്ത്ര രചനയ്ക്ക് പ്രാപ്തരാക്കുക

<u>പ്രവർത്തനഘട്ടം</u>

*എല്ലാ കുട്ടികൾക്കും ഒരു കൃതി നൽകി പരിചയപ്പെടുത്തുന്നു

*രചന പരിചയക്കുറിപ്പ് പരിചയപ്പെടുത്തുന്നു

*ടീച്ചർ വേർഷൻ നൽകുന്നു

*എല്ലാ കുട്ടികൾക്കും ഗ്രൂപ്പ് പ്രവർത്തനമായി നൽകുന്നു

ഓരോ ക്ലാസിലെയും പാഠഭാഗവുമായി ബന്ധപ്പെട്ട ഈണവും താളവും നൽകി പാട്ടുകൾ പാടാനും വരികൾ കൂട്ടിച്ചേർക്കാനും പുതിയ രചനകൾ നടത്താനും സന്ദർഭോചിതമായ അവസരം നൽകുന്നു. ഇത്തരത്തിൽ കഥാരചന ,ക്ലാസ് പത്രം എന്നിവയ്ക്കും അവസരം നൽകുന്നു .കുട്ടികളുടെ രചനകൾ പതിപ്പുകൾ എന്നിവ സാമൂഹ്യ മാധ്യമങ്ങൾ വഴിയും അല്ലാതെയും പ്രചരിപ്പിക്കുന്നു.

കാലയളവ് ജൂൺ- മാർച്ച്
<u>**5-** പ്രവർത്തനത്തിന്റെ പേര് **:** സംയുക്ത ഡയറി/ സർഗാത്മക ഡയറി</u>
ലക്ഷ്യം: സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനുമുള്ള കഴിവ് നേടുന്നു.
* ഭാഷാശേഷി വികസിക്കുന്നു. സർഗാത്മക രചന യിലേക്ക് നയിക്കുന്നു.
പ്രവർത്തനഘട്ടം
*കുട്ടികൾക്ക് മികച്ച ഡയറികൾ പരിചയപ്പെടുത്തുന്നു.
* ആദ്യഘട്ടത്തിൽ അമ്മയുടെ സഹായത്തോടെയും പിന്നീട് സ്വതന്ത്ര രചന യിലേക്ക് നയിക്കുന്നു
* മികച്ച ഡയറികൾ കണ്ടെത്തുന്ന പ്രസിദ്ധീകരിക്കുന്ന അനുമോദനങ്ങൾ നൽകുന്നു.

ചുമതല

ക്ലാസ് അദ്ധ്യാപിക

സാമ്പത്തികം

2000

## <u>Area English</u>

***<u>Sub area :Reading ,Writing</u>***

Activity : lets listen

Aims : To develop listening skills

To improve language and vocabulary

To learn moral values

To develop speaking and retelling skills

Process

* Gives opportunity to listen stories news & simple poems. Using ICT in class wise.

***Activity 2***

A word a day

Aims

*Enrich vocabulary in students

*Making simple sentence by using the same word in several situations

Process

* Giving a word in everyday assembly

* Introducing with pictures and making small sentences with the word

* Display Board and sentence in the notice board

* Weekly assessment

Duration: July to March

Fund 500

***Activity 3***

Self introduction

Aims

* Learn to speak in English

* Build confidence in English and deliver speech before an audience.

Process

*The class teacher gives practice to speak themselves

*Assign duty to each class for self introduction in the common assembly

Duration

July to March

Charge class teacher

***Activity 4***

English assembly

Aims

* To build language and communication skills through speech self introduction anchoring etc

*To develop listening skills and attention span among learners

Process

* Introduce a simple English prayer

* Student take the pledge in English

*Introduce themselves in English

* A student anchors

Duration : August to March

Charge: class teachers

***Activity 5***

Diary writing

Aims

*To develop skill in writing vocabulary grammar and fluency through regular writing

* Explore ideas dreams and imagination in students

Process

*Explain what a  diary is

*Discuss the purpose

*Show a simple diary

*Discuss the elements in diary writing

*  Practice individual writing

Duration  : August to March

Charge : class teacher

<u>മേഖല : ഗണിതം</u>

<u>ഉപമേഖല</u>

അടിസ്ഥാന ക്രിയകൾ  : ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

ലക്ഷ്യങ്ങൾ  :

*അടിസ്ഥാന ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക,

* സംഖ്യാബോധം വളർത്തുക.

* യുക്തിചിന്ത ഗണിത ചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക

*പ്രായോഗിക പ്രശ്നങ്ങളെ അനുഭവങ്ങളിലൂടെ നിർദ്ധാരണം ചെയ്യുന്നതിനും മനസ്സിലാക്കുന്നതിനും

<u>പ്രവർത്തനം *1:* ചിത്രഗണിതം</u>

ലക്ഷ്യം:

ചിത്രങ്ങൾ നോക്കി ഗണിതശയങ്ങൾ രൂപീകരിക്കുന്നു

കാലയളവ്: ജൂൺ to മാർച്ച്

പ്രവർത്തനഘട്ടം

* ചിത്രങ്ങൾ നൽകി സംഖ്യകൾ തിരിച്ചറിയൽ

*ചിത്ര സഹായത്തോടെ സങ്കലന വ്യവകലന

*ക്രിയകൾ ചെയ്യുന്നു

*വലുത്, ചെറുത്, മുകളിൽ ,താഴെ, ഇടത്, വലത്, രൂപങ്ങൾ മുതലായവ ചിത്രങ്ങളിലൂടെ തിരിച്ചറിയാൻ അവസരം നൽകുന്നു

ചുമതല :ക്ലാസ് ടീച്ചർ

കാലയളവ് :ജൂൺ to മാർച്ച്

***പ്രവർത്തനം 2***

പഠനോപകരണ നിർമ്മാണ ശില്പശാല

ലക്ഷ്യം:

* പഠനോപകരണ നിർമ്മാണത്തിലൂടെ പഠനം ലഘൂകരിക്കുകയും രസകരമാക്കുകയും ചെയ്യുന്നതിന്.

* രക്ഷിതാക്കൾ കുട്ടികൾ അധ്യാപകർ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

കാലയാളവ് : വർഷത്തിൽ മൂന്ന് തവണ

പ്രവർത്തനഘട്ടം:

*ഓരോ ക്ലാസിലെയും പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പഠനോപകരണങ്ങളുടെ പട്ടിക അധ്യാപകർ തയ്യാറാക്കുന്നു.

* നിർമ്മാണ സാമഗ്രികൾ ഒരുക്കുന്നു

*സി പി ടി എ യുടെ പങ്കാളിത്തത്തോടെ ശില്പശാല സംഘടിപ്പിക്കുന്നു *പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. ഗണിത സഞ്ചിയിലേക്ക് ഉൾപ്പെടുത്തുന്നു. ഗണിത മൂല സജ്ജീകരിക്കുന്നു

ചുമതല: അധ്യാപകർ,സി പി ടി എ, കുട്ടികൾ

***പ്രവർത്തനം 3***

ഗണിതകേളികൾ

ലക്ഷ്യം:

* കളികളിലൂടെ ഗണിത പഠനം രസകരമാക്കുക

* പ്രായോഗിക ബുദ്ധി വികസിപ്പിക്കുക

കാലയളവ്: ജൂലൈ-മാർച്ച്

<u>പ്രവർത്തനഘട്ടം</u>

*ഓരോ ക്ലാസിലെയും പഠന പ്രവർത്തനങ്ങളുമായി യോജിപ്പിച്ച് പസിലുകളും പാറ്റേണുകളും ഗെയിമുകളും ചെയ്യിപ്പിക്കുന്നു.

ചുമതല: ക്ലാസ് ടീച്ചർ

<u>പ്രവർത്തനം 4</u>

ജാമിതീയ രൂപങ്ങളുടെ നിർമ്മാണം

ലക്ഷ്യം:

ജാമിതീയ രൂപങ്ങൾ ത്രിമാന രൂപങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും പ്രത്യേകതകൾ മനസ്സിലാക്കുന്നതിനും

പ്രവർത്തന ഘട്ടം :

* രൂപങ്ങൾ കാർഡ്ബോർഡിലോ കട്ടി പേപ്പറിലോ നിർമ്മിക്കാൻ അവസരം നൽകുന്നു

*നിറം നൽകുന്നു

* പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു

കാലയളവ് : ജൂലൈ- മാർച്ച്

ചുമതല: SRG , അധ്യാപകർ

<u>മേഖല:പരിസര പഠനം</u>

ഉപമേഖല : നിരീക്ഷണം,പരീക്ഷ ണം, വർഗീകരണം താരതമ്യം ചെയ്യൽ പട്ടികപ്പെടുത്തൽ, നിഗമന രൂപീകരണം

ലക്ഷ്യങ്ങൾ

1. കുട്ടികളിൽ നിരീക്ഷണ പാഠവും ജിജ്ഞാസ കൗതുകം എന്നിവ പരിപോഷിപ്പിക്കുന്നു.

2. നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു.

3. താരതമ്യം ചെയ്യാനും വർഗീകരിക്കാനുള്ള ശേഷി ആർജിക്കൽ.

4. പരീക്ഷണങ്ങളിൽ ഏർപ്പെടുകയും പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നതിന്.

പ്രവർത്തനം ***1.*** പരിസര നടത്തം /ഫീൽഡ് ട്രിപ്പ്.

ലക്ഷ്യങ്ങൾ

* പാഠപുസ്തകത്തിൽ ഉള്ള അറിവുകൾക്ക്പുറമേ പ്രത്യക്ഷ പരിചയം നൽകുക.

* പഠനത്തെ കൂടുതൽ ആകർഷകമാക്കുക.നിരീക്ഷണ പാടവം വളർത്തുക.

പ്രവർത്തന ഘട്ടം

പാഠഭാഗങ്ങളിലെ വാതിൽപ്പുറ പഠനത്തിനുള്ള സാധ്യതകൾ കണ്ടെത്തുന്നു.

മുൻകൂട്ടി സ്ഥലം നിശ്ചയിച്ച് അനുവാദം വാങ്ങി വേണ്ട മുന്നൊരുക്കങ്ങൾ നടത്തുന്നു.

പരിസര നിരീക്ഷണം നടത്തുന്നു. അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു.

കാലയളവ്: ഓഗസ്റ്റ് മുതൽ മാർച്ച് വരെ

ചാർജ്:SRG

പ്രവർത്തനം ***2:*** പച്ചക്കറിത്തോട്ട നിർമ്മാണം

ലക്ഷ്യം

* കുട്ടികളിൽ കൃഷിയോടുള്ള താല്പര്യം വളർത്തുക.

* ജൈവകൃഷിയുടെ അടിസ്ഥാനപാഠങ്ങൾ കുട്ടികൾക്ക് പകർന്നു കൊടുക്കുക.

* പാഠപുസ്തകത്തിന് പുറമെ അനുഭവത്തിലൂടെയുള്ള പഠനം സാധ്യമാക്കുക.

* വിഷരഹിത ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കാൻ അവസരം നൽകുക.

പ്രവർത്തന ഘട്ടം

* ആവശ്യമായ തൈകൾ,വിത്ത്, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഒരുക്കുന്നു.

* നടുന്നതിനുള്ള സ്ഥലം ഒരുക്കുന്നു.

* പിടിഎ സഹകരണത്തോടെ തോട്ട നിർമ്മാണം നടത്തുന്നു.

കാലയളവ്: ജൂൺ മുതൽ

ചാർജ് :എസ്.എം. സി, അധ്യാപകർ, കുട്ടികൾ.

പ്രവർത്തനം ***3*** പരീക്ഷണങ്ങൾ

ലക്ഷ്യം:

*സ്വയം ചെയ്തുള്ള പഠനത്തെ പ്രോത്സാഹിപ്പിക്കുക.

*ശാസ്ത്രീയ മനോഭാവം ശാസ്ത്രാഭിരുചി എന്നിവ കുട്ടികളിൽ വളർത്തുക.

പ്രവർത്തന ഘട്ടം

* വിഷയം തെരഞ്ഞെടുക്കൽ

* ആവശ്യമായ സാമഗ്രികൾ ഒരുക്കൽ.

* ഓരോ കുട്ടിക്കും ചെയ്യാനും നിരീക്ഷിക്കാനും അവസരം നൽകൽ.

* പരീക്ഷണത്തിന്റെ ഓരോ ഘട്ടവും എഴുതി രേഖപ്പെടുത്തുന്നു.

* ഗ്രൂപ്പിൽ ക്രോഡീകരിച്ച് നിഗമനത്തിൽ എത്തുന്നു

കാലയളവ്: ജൂൺ _മാർച്ച്.

ചാർജ്: ക്ലാസ് അധ്യാപകർ

പ്രവർത്തനം ***4 :*** ദിനാചരണങ്ങൾ.

ലക്ഷ്യങ്ങൾ

വിവിധ ദിവസങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും അതിന്റെ പ്രാധാന്യത്തോടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളോടെ ആചരിക്കുന്നതിനും.

പ്രവർത്തന ഘട്ടം

* പ്രാധാന്യമുള്ള ദിനങ്ങൾ വാർഷിക കലണ്ടർ ഉപയോഗിച്ച് കണ്ടെത്തി പട്ടപ്പെടുത്തുന്നു.

* ഓരോ ദിനത്തിനും അനുയോജ്യമായ പ്രവർത്തനങ്ങൾ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.

* ക്ലാസ് തലത്തിലും സ്കൂൾതലത്തിലും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. കാലയളവ്: ജൂൺ മുതൽ മാർച്ച് വരെ.

ചാർജ്: എസ് ആർ ജി,ക്ലാസ് അധ്യാപകർ

പ്രവർത്തനം ***5:*** ഡെയിലി ക്വിസ്

ലക്ഷ്യം:

കുട്ടികളിൽ ആനുകാലിക സംഭവങ്ങളെ കുറിച്ചുള്ള ധാരണ,

പൊതുവിജ്ഞാനം എന്നിവ വളർത്തുക

പ്രവർത്തനഘട്ടം :

* എല്ലാദിവസവും മൂന്ന ചോദ്യങ്ങളും ഉത്തരങ്ങളും വൈറ്റ് ബോർഡിൽ എഴുതിയിടുന്നു.

* കുട്ടികൾ ഒരു നോട്ടുബുക്കിൽ ഇവ എഴുതിയെടുത്ത് പഠിക്കുന്നു

* ആഴ്ച അവസാനം ക്വിസ് നടത്തി വിജയിക്ക് സമ്മാനങ്ങൾ നൽകുന്നു.

കാലയളവ്: ജൂൺ മുതൽ മാർച്ച് വരെ

ചാർജ് : രഹന ടീച്ചർ

<u>പ്രവർത്തനം *6 :* ക്ലബ്ബ് പ്രവർത്തനങ്ങൾ</u>

( ശുചിത്വം വിദ്യാരംഗം )

ലക്ഷ്യം:

കൂട്ടായ പ്രവർത്തനത്തിന്റെ പ്രാധാന്യം കുട്ടികളിൽ വളർത്തുന്നു

കുട്ടികളിൽ ശുചിത്വബോധം വളർത്തുന്നു.

സാഹിത്യ അഭിരുചി,കലാബോധം എന്നിവ കുട്ടികളിൽ വളർത്തുന്നു. പരിപോഷിപ്പിക്കാൻ അവസരം നൽകുന്നു

പ്രവർത്തന ഘട്ടം :

*ശുചിത്വ ക്ലബ്ബ് വിദ്യാരംഗം എന്നീ ക്ലബ്ബുകൾ കുട്ടികളെ ഉൾപ്പെടുത്തി രൂപീകരിക്കുന്നു.

* നടത്തേണ്ട പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നു.

* സമയബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

ചാർജ്- ക്ലബ് കൺവീനർമാർ

കാലയളവ്: ജൂൺ -മാർച്ച്

<u>ഉപസംഹാരം</u>

സമഗ്ര ഗുണമേന്മ വർഷവുമായി ബന്ധപ്പെട്ട് കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങളാണ് പ്രവർത്തന പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. പിന്നോക്കം നിൽക്കുന്ന കുട്ടികളെ പൂർണ്ണമായും പരിഗണിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. പിടിഎ, SMC, എസ് ആർ ജി എന്നിവരുടെ പൂർണ്ണമായ സഹകരണത്തോടെ ഈ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്.